(ഇ) തുറമുഖ പദ്ധതിക്കു വൈദ്യുതി ലഭ്യമാക്കുന്നതിലേക്കായി നിലവിലെ 66 കെ.. വി. 220 കെ. വി. ആയി ഉയർത്തുന്ന നടപടി KSEB നടപ്പിലാക്കിവരുന്നു.

(എഫ്) തുറമുഖത്തേക്ക് ശുദ്ധജലം എത്തിക്കുന്നതിലേക്കായി KWA ടെണ്ടർ ക്ഷണിക്കുകയും, മൂന്ന് ടെണ്ടറുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടറുകളുടെ പരിശോധന KWA നടത്തിവരുന്നു.

വിഴിഞ്ഞം തുറമുഖ പദ്ധതിക്കായുള്ള ആഗോള താല്പര്യ പത്രം

142 (208) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. .ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായുള്ള ആഗോള താൽപര്യപത്രം (Expression of Interest) എന്നാണ് പ്രസിദ്ധീകരിച്ചത് ;

(ബി) ഈ പദ്ധതിയുടെ വികസന പങ്കാളിത്തത്തിന് ഇതുവരെ ഏതൊക്കെ കമ്പനികളാണ് താൽപര്യം പ്രകടിപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത്തരം വികസന പങ്കാളിത്തം അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ എന്തൊക്കെ നടപടിക്രമങ്ങൾ സ്വീകരിക്കുകയുണ്ടായി ;

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പിനായി അർഹരായ വികസന പങ്കാളികളെ എന്നത്തേക്ക് തെരഞ്ഞെടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായുള്ള ആഗോള താൽപര്യ പത്രം (EoI) 5-7-2010-ൽ പ്രസിദ്ധീകരിച്ചു.

(ബി) കമ്പനികളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അടുത്ത നടപടിയായ യോഗ്യത നിർണ്ണയത്തിനുള്ള ബിഡ് ക്ഷണിക്കുകയും തുടർ നടപടികൾ നടന്നുവരികയും ചെയ്യുന്നു.

(ഡി) തുറമുഖ പദ്ധതിയുടെ ഓപ്പറേറ്ററെ തെരഞ്ഞെടുക്കുന്ന പ്രക്രിയ മാർച്ച് 2011-ൽ പൂർത്തിയാക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

വിഴിഞ്ഞം തുറമുഖ പദ്ധതി

143 (209) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം മദർ പോർട്ട് നിർമ്മാണം അനിശ്ചിതമായി നീണ്ടു പോകുന്നത് എന്തൊക്കെ കാരണങ്ങളാലാണെന്ന് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly